# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 18 — 28.06.2016 - ൽ മറുപടിക്ക്

## പി എസ് സി നിയമനങ്ങളിലെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഉമ്മർ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 99/2014, 101/2014, 004/2014, 505/2013 കാറ്റഗറി തസ്തികകളിലേക്ക് നടത്തിയ എഴുത്തു പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കാറ്റഗറി നമ്പർ 99/2014 ആയി വിജ്ഞാപനം ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) [LSGD], കാറ്റഗറി നമ്പർ 101/2014 ആയി വിജ്ഞാപനം ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർ (PWD/Irrigation), കാറ്റഗറി നമ്പർ 004/2014 ആയി വിജ്ഞാപനം ചെയ്ത കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ തസ്തിക, കാറ്റഗറി നമ്പർ 505/13 ആയി വിജ്ഞാപനം ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)/ഹെഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) എന്നീ തസ്തികകളുടെ എഴുത്തുപരീക്ഷ നടന്നു കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചുരുക്കപ്പട്ടിക തയ്യാറാക്കുന്ന നടപടികൾ വേഗത്തിൽ പുരോഗമിക്കുകയാണ്. |
| (ബി) പ്രസ്തുത തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഓരോ കാറ്റഗറിയിലെയും ഒഴിവുകൾ തരംതിരിച്ചു നൽകുമോ; | (ബി) LSGD അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ 90 ഒഴിവുകളും, അസിസ്റ്റന്റ് എഞ്ചിനീയർ (PWD) തസ്തികയിൽ 39 ഒഴിവുകളും (പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ), അസിസ്റ്റന്റ് എഞ്ചിനീയർ (Irrigation) തസ്തികയിൽ 41 ഒഴിവുകളും, |

കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ തസ്തികയിൽ 20 ഒഴിവുകളും, അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)/ഹെഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) [Agriculture (Engineering Wing)] തസ്തികയിൽ 1 ഒഴിവും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത തസ്തികകളിൽ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് നിയമനം നടത്താൻ കഴിയുമെന്ന് വിശദമാക്കാമോ?

(സി) ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ച് നടപടി ക്രമങ്ങൾ പൂർത്തിയാക്കി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ